നം. QIP3/35000/2009/DPI പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 30.10.2009

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - അധ്യാപക ശാക്തീകരണ പരിപാടിയിൽ ഐ.ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 23.10.2009-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ക്യു.ഐ.പി(3)/35000/09/ഡി.പി.ഐ നമ്പർ സർക്കുലർ

സംസ്ഥാനത്ത് നടന്നുവരുന്ന അധ്യാപക ശാക്തീകരണ പരിശീലന പരിപാടി കൂടുതൽ ഫലപ്രദവും കാര്യക്ഷമമാക്കുന്നതിനുമായി ഐ.ടി സങ്കേതങ്ങളുടെ സാധ്യതകൾകൂടി ഉപയോഗപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല/ജില്ലാതല വർക്ക്ഷോപ്പുകളിൽ തയാറാക്കുന്ന പരിശീലന മൊഡ്യൂളുകളിൽ ഇതിനാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

ആദ്യഘട്ടമെന്ന നിലയ്ക്ക് തെരഞ്ഞെടുത്ത വിഷയങ്ങളിൽ ഐ.ടി അധിഷ്ഠിത പഠനത്തിന് സഹായകമായ മേഖലകൾ കണ്ടെത്തി പഠനം രസകരവും ഫലപ്രദവുമാക്കാൻ ഡിജിറ്റൽ പഠനവിഭവങ്ങൾ തയാറാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ശിൽപശാലകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല മൊഡ്യൂൾ ഫൈനലൈസേഷൻ വർക്ക്ഷോപ്പുകളിലേക്ക് വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരായ DRGമാരെ ഐ.ടി@സ്കൂൾ പരിശീലനം നൽകി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇവർ ജില്ലാതല മൊഡ്യൂൾ ഫൈനലൈസേഷൻ വർക്ക്ഷോപ്പുകളിൽ പങ്കെടുക്കുകയും പരിശീലന മൊഡ്യൂളിൽ ഫലപ്രദമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ടെന്ന് ഡയറ്റ് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണം.

ജില്ലാതലത്തിൽ നടക്കുന്ന വർക്ക്ഷോപ്പുകളിലും അധ്യാപക ശാക്തീകരണ പരിശീലന കേന്ദ്രങ്ങളിലും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (ലാപ്ടോപ്പ്, പ്രൊജക്ടർ തുടങ്ങിയവ) ഒരുക്കുന്നതിനുള്ള ചുമതല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കായിരിക്കും. ഐ.സി.ടി. പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുള്ള ലാപ്ടോപ്പ്, പ്രൊജക്ടർ തുടങ്ങിയ ഉപകരണങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സൗകര്യങ്ങൾ എല്ലാ കേന്ദ്രങ്ങളിലും സമയബന്ധിതമായി ഒരുക്കുന്നതിനായി താഴെപ്പറയുന്ന തരത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രവർത്തിക്കേണ്ടതാണ് :

1. ഹൈസ്കൂളുകളിലുള്ള ലാപ്ടോപ്പ്, പ്രൊജക്ടർ, ജനറേറ്റർ തുടങ്ങിയവ സ്കൂളുകളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പൊതുവായ നിർദേശം സ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകേണ്ടതാണ്.

2. DRGമാരിൽ ഐ.ടി പരിജ്ഞാനം ഉള്ളവരില്ലെങ്കിൽ അതാത് വിഷയങ്ങളിലുൾപ്പെട്ട SITC മാരെക്കൂടി അതാത് വിഷയങ്ങളുടെ DRG പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഐ.ടി പരിശീലനം ലഭിച്ച DRGമാരുടെ സേവനം വിന്യസിക്കുന്നതിനും സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഓരോ വിഷയത്തിന്റെയും പരിശീലന പരിപാടി നടക്കുന്ന തീയതിയും കേന്ദ്രവും ഡയറ്റ് പ്രിൻസിപ്പൽമാർ ഐ.ടി@സ്കൂൾ ജില്ലാ കോർഡിനേറ്ററുമായി ആലോചിച്ച് മുൻകൂട്ടി തീരുമാനിക്കേണ്ടതാണ്. ജനറേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എല്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഐ.ടി@സ്കൂൾ ജില്ലാ കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

30/10/09

പൊതുവിദ്യാഭ്യാസ ഡയറക്ടർ (I/C).

പകർപ്പ് :-

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. ഐ.ടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും.